**പതിമൂന്നാം കേരള നിയമസഭ**

പത്താം സമ്മേളനം

| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3291** | **29/01/2014-ൽ മറുപടിക്ക്** |
|---|---|

**മാലിന്യ സംസ്കരണ കമ്പനി**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത്<br>ശ്രീ. വി.പി. സജീന്ദ്രൻ<br>ശ്രീ. എം.പി. വിൻസെന്റ്<br>ശ്രീ. ലൂഡി ലൂയിസ് | | ശ്രീ. മഞ്ഞളാംകുഴി അലി<br>നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പുമന്ത്രി | |
| (എ) | സംസ്ഥാനത്ത് മാലിന്യ സംസ്കരണ കമ്പനി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ ; | (എ) | 2.11.2012 ലെ സർക്കാർ ഉത്തരവ് (കൈയെഴുത്ത്) നം. 282/2012/തസ്വഭവ, പ്രകാരം കേരളത്തിലെ മാലിന്യ സംസ്കരണത്തിനായി സിയാൽ മോഡലിൽ 'കേരള വേസ്റ്റ് മാനേജ്മെന്റ് കമ്പനി' എന്ന പേരിൽ കമ്പനി രൂപീകരിക്കുന്നതിന് അനുമതി നൽകിയിരുന്നു. 30.3.2013 ലെ സ.ഉ (കൈ) നം. 135/2013/തസ്വഭവ പ്രകാരം പ്രസ്തുത കമ്പനിയുടെ പേര് "ക്ലീൻ കേരള കമ്പനി ലിമിറ്റഡ്" എന്ന് പുനർനാമകരണം ചെയ്ത് Memorandum of Association, Articles of Association എന്നിവ അംഗീകരിച്ച് Companies Act പ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| (ബി) | കമ്പനിയുടെ ഷെയറുകൾ സംബന്ധിച്ച് വിശദാംശങ്ങൾ എന്തൊക്കെയാണ്; വിശദമാക്കുമോ ; | (ബി) | കമ്പനിയുടെ മൂലധനമായി 10 കോടി രൂപ(1000 രൂപ വീതമുള്ള ഒരു ലക്ഷം ഷെയറുകളായി) സ്വരൂപിക്കാൻ അതിന്റെ മെമ്മോറാണ്ടം ഓഫ് അസോസിയേഷനിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (സി) | കമ്പനിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തൊക്കെ യാണ്; വിശദാംശങ്ങൾ എന്തെല്ലാം; | (സി) | ആവശ്യമായ പണം ഈടാക്കിക്കൊണ്ട് സംസ്ഥാനത്തെ ബഹുനില കെട്ടിടങ്ങൾ, ഫാക്ടറികൾ, പാർപ്പിട ഓഫീസ് സമുച്ചയങ്ങൾ എന്നിവയിൽ നിന്നുള്ള മാലിന്യ ശേഖരണം. സംസ്കരണം എന്നിവയാണ് കമ്പനിയുടെ ഉദ്ദേശലക്ഷ്യങ്ങൾ |
| (ഡി) | ഏതെല്ലാം സ്ഥാപനങ്ങൾ ക്കാണ് കമ്പനിയുടെ സേവനം ഉപയോഗപ്പെ ടുത്താവുന്നത്; വ്യക്തമാക്കുമോ ? | (ഡി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ഹോട്ടലുകൾ, റസ്റ്റോറന്റുകൾ, വ്യാപാര വ്യവസായ സ്ഥാപനങ്ങൾ, പാർപ്പിട ഓഫീസ് സമുച്ചയങ്ങൾ എന്നിവയ്ക്കാണ് കമ്പനിയുടെ സേവനം ഉപയോഗപ്പെടുത്താവുന്നത്. |

സെക്ഷൻ ഓഫീസർ